# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2893 — 22.02.2016-ൽ മറുപടിയ്ക്ക്

## സാംസ്കാരിക വകുപ്പ് വഴി വൈക്കം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. അജിത് : | ശ്രീ.കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാംസ്കാരിക വകുപ്പ് വഴി വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും ഓരോ പ്രവർത്തിക്കും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കുമോ;<br>(ബി) വൈക്കം നിയോജക മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികളിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ; | എ) & ബി) സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ നേതൃത്വത്തിൽ നോഡൽ ഏജൻസിയായ "കേരളം മ്യൂസിയം ഓഫ് ഹിസ്റ്ററി & ഹെറിറ്റേജ്" എന്ന സ്ഥാപനം മുഖേന വൈക്കം സത്യാഗ്രഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി വൈക്കം നഗരസഭാ കെട്ടിട പരിസരത്ത് നഗരസഭയുമായി ചേർന്നുകൊണ്ട് ഗാന്ധിജിയുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുകയും ആയത് ബഹു. മുഖ്യമന്ത്രി 2015 ആഗസ്റ്റ് 23-ാം തീയതി രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ ആവശ്യത്തിലേയ്ക്ക് മൂന്നു ഘട്ടങ്ങളിലായി ആകെ 75,00,000/- (എഴുപത്തിയഞ്ചു ലക്ഷം) രൂപ അനുവദിച്ചതിൽ 35,00,000/- (മുപ്പത്തിയഞ്ചു ലക്ഷം) രൂപ ചെലവഴിച്ചിട്ടുണ്ട്. അതോടൊപ്പം നഗരസഭാ ഹാളിൽ വൈക്കം സത്യഗ്രഹ മ്യൂസിയം പണിയുന്നതിന് ഗാന്ധി ഹെറിറ്റേജ് മിഷൻ മുഖേന ഒരു കോടി രൂപ ലഭ്യമാക്കി മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വൈക്കം സത്യാഗ്രഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി വൈക്കം നഗരസഭാ കെട്ടിട പരിസരത്ത് ഗാന്ധിജിയുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുകയും നഗരസഭാ ഹാളിൽ വൈക്കം സത്യാഗ്രഹ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വൈക്കം പുണ്ഡരീകപുരം ക്ഷേത്രത്തിൽ 2012-13 വർഷത്തിൽ പുരാവസ്തു വകുപ്പ് providing basic amenities of Ten Monuments (Phase I) എന്ന പണി 5,55,232/- (അഞ്ചുലക്ഷത്തി അൻപത്തയ്യായിരത്തി ഇരുന്നൂറ്റി മുപ്പത്തിരണ്ട്) രൂപയ്ക്ക് പൂർത്തിയാക്കി. കൂടാതെ പ്രസ്തുത ക്ഷേത്രത്തിന്റെ ശ്രീകോവിലിലും തറയിലും സംരക്ഷപണികൾക്കായി 10,75,228/- (പത്തുലക്ഷത്തി എഴുപത്തയ്യായിരത്തി ഇരുന്നൂറ്റി ഇരുപത്തിഎട്ട്) രൂപയുടെ പണികൾ പൂർത്തീകരിച്ചു. 2014-15 വർഷം പ്രസ്തുത ക്ഷേത്രത്തിന്റെ പ്രദക്ഷിണ വഴിയിൽ കല്ല് പാകുന്ന ജോലികളുടെ 28,09,320/ (ഇരുപത്തിയെട്ടുലക്ഷത്തി ഒൻപതിനായിരത്തി മുന്നൂറ്റി ഇരുപത്) രൂപയുടെ പണികൾ നടന്നു വരുന്നു.

കേരള സർക്കാർ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്ന വഴിയോര ശില്പ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ പ്രശസ്ത ശില്പി ജിജി സ്കറിയ നിർമ്മിച്ച ശില്പം വൈക്കം നഗരസഭാ പാർക്കിനു സമീപം സ്ഥാപിച്ചു. കൂടാതെ വൈക്കം സത്യഗ്രഹ സ്മൃതി ശില്പ ഉദ്യാനം നിർമ്മിക്കുകയും മലയാളികളായ 10 ശ്രദ്ധേയ ശില്പികളുടെ സിമന്റിൽ തീർത്ത ശില്പങ്ങൾ സ്ഥാപിക്കുകയും ചെയ്തു. വൈക്കത്ത് സത്യാഗ്രഹ ശില്പ സ്മൃതി ഉദ്യാനം നിർമ്മിക്കുന്നതിനും ശില്പ സ്ഥാപനത്തിനുമായി 29,65,539/- (ഇരുപത്തിയൊൻപതുലക്ഷത്തി അറുപത്തിയയ്യായിരത്തി അഞ്ഞൂറ്റി മുപ്പത്തിയൊൻപത്) രൂപ ചെലവായി.

Deep

സെക്ഷൻ ഓഫീസർ